# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 5**

---

## എം.ജി സർവകലാശാലയിൽ ഫ്രഞ്ച് ഭാഷാ സർട്ടിഫിക്കറ്റ് കോഴ്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ(യുസിഐസി) നടത്തുന്ന ഫ്രഞ്ച് ഭാഷാ സർട്ടിഫിക്കറ്റ് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും വിദ്യാർഥികൾക്കായാണ് മൂന്നു മാസത്തെ കോഴ്സ് നടത്തുന്നത്.*

*കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ യുസിഐസി ലാംഗ്വേജ് ലാബിൽ ശനിയാഴ്ച്ചകളിൽ രാവിലെ ഒൻപതു മുതൽ ഉച്ചവരെയാണ് ക്ലാസുകൾ. വിമാനത്താവളങ്ങൾ, ഹോട്ടലുകൾ, സ്പോർട്സ്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ആശയവിനിമയത്തിന് മുൻഗണന നൽകിക്കൊണ്ടാണ് സിലബസ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. കോഴ്സ് ഫീസ് 2500 രൂപ.*

*ഓഗസ്റ്റ് എട്ടുവരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം. ഓഗസ്റ്റ് ഒൻപതിന് ക്ലാസ് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് യുസിഐസി ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 9446224240, ഇമെയിൽ-*ucic@mgu.ac.in

*(പി.ആർ.ഒ/39/1914/2025)*

## പാതിരാമണലിൽ മാലിന്യം നീക്കി കണ്ടൽ നട്ട് വിദ്യാർഥികൾ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻയവയോൺമെന്റൽ സയൻസസ്, സസ്റ്ററെ സൊല്യൂഷൻസ്, ഇകാസ് എന്നി സ്റ്റാർട്ടപ്പുകളുടെ സഹകരണത്തോടെ പാതിരാമണൽ ദ്വീപിൽ അന്താരാഷ്ട്ര കണ്ടൽ ദിനാചരണം നടത്തി.*

*അധ്യാപകരും വിദ്യാർഥികളുംചേർന്ന് ദ്വീപിൽനിന്നും അൻപതു ചാക്ക്*

*പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുകയും നൂറോളം കണ്ടൽ ചെടികൾ നടുകയും ചെയ്തു.*

*മുഹമ്മ പഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബു പരിപാടി ഉദ്ഘാടനം ചെയ്തു. ഡോ. വി.പി. സൈലസ്, ഡോ. എച്ച്.ടി. ഹർഷ, ഡോ.ആർ.എസ്. പ്രശാന്ത്, ഡോ. കീർത്തി സുരേഷ്, പ്രിയ മോഹൻ, ദേവിക പി. സാജൻ, ഷിജോ ജോയി, അരുൺ രാമചന്ദ്രൻ, എൻ.ജി. വിഷ്ണു, പ്രശോഭ് രാജൻ എന്നിവർ നേതൃത്വം നൽകി.*

**ഫോട്ടോ ക്യാപ്ഷൻ...**
*അന്താരാഷ്ട്ര കണ്ടൽ ദിനാചരണത്തിന്റെ ഭാഗമായി പാതിരാമണൽ ദ്വീപിൽനിന്ന് ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ അധ്യാപകരും വിദ്യാർഥികളും.*
*(പി.ആർ.ഒ/39/1915/2025)*

## ഡിജിറ്റൽ ലാൻഡ് സർവേ കോഴ്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജിഐഎസ് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവേയിംഗ് ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.*

*സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ജിപിഎസ്, ഓട്ടോലെവൽ, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവയുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ പരിശീലനമാണിത്.*

*സെപ്റ്റംബർ 10 വരെ അപേക്ഷകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ (*https://ses.mgu.ac.in*) ഫോൺ- 8590282951*

*(പി.ആർ.ഒ/39/1916/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്), ബയോസ്റ്റാറ്റിസ്റ്റിക്സ് (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

...............

*മൂന്നാം സെമസ്റ്റർ ബിബിഎ എൽഎൽബി പഞ്ചവത്സര ഇന്റഗ്രേറ്റഡ്*

*(ഓണേഴ്സ് 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ബിബിഎ എൽഎൽബി പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (ഓണേഴ്സ്സ് 2017 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

……………

*മൂന്നാം സെമസ്റ്റർ ബിഎ എൽഎൽബി പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

……………

*മൂന്നാം സെമസ്റ്റർ ബിഎ എൽഎൽബി പഞ്ചവത്സര ഇന്റഗ്രേറ്റഡ് (ഓണേഴ്സ് 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ബിഎ എൽഎൽബി പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (ഓണേഴ്സ്സ് 2017 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

……………

*നാലാം സെമസ്റ്റർ എംഎസ്സി മൈക്രോബയോളജി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1917/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ ബിവോക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (പുതീയ സ്കീം–2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 11, 12 തിയതികളിൽ കളമശ്ശേരി, സെന്റ് പോൾസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

...............

*രണ്ടാം സെമസ്റ്റർ എംഎസ്സി ഇൻഫർമേഷൻ ടെക്നോളജി (സിഎസ്എസ്-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് ഏഴിനു കോന്നി വി.എൻ.എസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1918/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**